**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**149/2019/ തസ്വഭവ** തിരുവനന്തപുരം, തീയതി, 24/01/2019

================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.03.2018 ലെ ബി1/7215 നമ്പർ നടപടിക്രമം.

3) ശ്രീമതി.ശർമ്യ.ടി യുടെ 24.04.2018 ലെ ശൂന്യവേതനാവധിയപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 08.06.2018 ലെ ഇ 6-43334/17 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി 31.07.2017 മുതൽ 30.07.2019 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(3) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 20.12.2014 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ശർമ്യ.ടി 01.02.2017 മുതൽ 30.07.2017 വരെ പ്രസവാവധിയിലും തുടർന്ന് 31.07.2017 മുതൽ 28.09.2017 വരെ രണ്ട് മാസത്തേക്ക് പ്രസവാവധിയെ തുടർന്നുള്ള ശൂന്യവേതനാവധിയിലും 29.09.2017 മുതൽ 28.10.2017 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ഒരു മാസത്തെ ശൂന്യവേതനാവധിയിലും ആയിരുന്നു. തുടർന്ന് പ്രസവാവധി അവസാനിച്ച 30.07.2017 തീയതിയുടെ തൊട്ടടുത്ത ദിവസമായ 31.07.2017 മുതൽ രണ്ട് വർഷത്തേക്ക് ടിയാളുടെ കുട്ടിയെ പരിചരിക്കുന്നതിനായി ശൂന്യവേതനാവധിയ്ക്കായി അപേക്ഷിക്കുകയുണ്ടായി. ടിയാൾക്ക് 31.07.2017 മുതൽ 28.10.2017 വരെ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി പരാമർശം (2) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി ക്ക് 31.07.2017 മുതൽ 28.09.2017 വരെയുള്ള 60 ദിവസം കെ.എസ് .ആർ ഭാഗം 1, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിലും ,29.09.2017 മുതൽ 31.12.2018 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ

ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ . എസ് . ആർ . ഭാഗം I, ചട്ടം 88 (ii) ൽ ഇളവു വരുത്തി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.ശർമ്യ.ടി, ക്ലാർക്ക്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ്(22.10.2018 ലെ ഡെവ 1/260/2018 ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(177/ ഇപിഎ 1/2018/ തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya M S

സെക്ഷൻ ഓഫീസർ